(ബി) ഉണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ശ്രീലക്ഷ്മി ഗ്യാസ് ഏജൻസിയിലെ ഗ്യാസ് വിതരണ തൊഴിലാളികളുടെ സമരം മൂലം ഗ്യാസ് വിതരണം മുടങ്ങിയതിനാൽ ടി പ്രതിസന്ധി പരിഹരിക്കുന്നതിനും ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് താൽകാലികമായി പരിഹരിക്കുന്നതിനും രണ്ടാഴ്ചത്തേക്ക് ക്യാഷ് & ക്യാരി സിസ്റ്റം ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തിച്ചാൽ ഗ്യാസ് ഏജൻസിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കഴക്കൂട്ടം, ശ്രീകാര്യം മേഖലയിലെ ഉപഭോക്താക്കളെ അടുത്തുള്ള ഏജൻസിയിലേക്ക് മാറ്റി ഉപഭോക്താക്കളുടെ വീടുകളിൽ ഗ്യാസ് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഗ്യാസ് വിതരണം എത്രയും വേഗം സാധാരണ നിലയിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ബി.പി.സി.എൽ. ഏജൻസിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ഭക്ഷണസാധന വില നിയന്ത്രിക്കാൻ നിയമം

179 (T *3929) <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണസാധന വില നിയന്ത്രിക്കാനുള്ള നിയമത്തിൽ ഭക്ഷണവില നിയന്ത്രിക്കുവാനും ഹോട്ടലുകൾക്ക് ഗ്രേഡ് ഏർപ്പെടുത്തുവാനും എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാർക്ക് പ്രാപ്തമായ വിലയിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദശത്തോടുകൂടി തികച്ചും ലളിതവും പ്രായോഗികവുമായ നിയമ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെല്ലിന്റെ താങ്ങുവില

180 (3930) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നെല്ലിന്റെ എം.എസ്.പി. 50 രൂപ കൂട്ടിയത് കാരണം കേരളത്തിലെ കൃഷിക്കാർക്ക് നിലവിൽ നല്കിവരുന്ന 19 രൂപയിൽ എത്ര രൂപ കൂടുതൽ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) താങ്ങുവില നല്കി നെല്ല് സംഭരിച്ചയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ എത്ര രൂപയാണ് നൽകുവാനുള്ളത് ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിനുവേണ്ടി വിവിധ ബാങ്കുകളിൽ നിന്ന് എത്ര രൂപ കടമെടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത കടത്തിന് ഓരോ ബാങ്കിലേയും പലിശ നിരക്ക് എത്രയാണ് ;

(ഇ) ഈ വർഷത്തെയും അടുത്ത രണ്ടാംവിളയിലേയും നെല്ല് താങ്ങുവിലയ്ക്ക് സംഭരിക്കുവാൻ എത്ര രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(എഫ്) ഇതിൽ എത്ര രൂപയാണ് ഈ ബഡ്ജറ്റിൽ താങ്ങുവിലയ്ക്കുവേണ്ടി നീക്കിവച്ചിരിക്കുന്നത് ?

ഉത്തരം

(എ) നെല്ലിന്റെ എം.എസ്.പി. ക്വിന്റലിന് 50 രൂപ വർദ്ധിപ്പിച്ചതടക്കം കേന്ദ്ര സർക്കാരിന്റെ താങ്ങുവില ക്വിന്റലിന് 1410 രൂപ മാത്രമാണ്. എന്നാൽ സംസ്ഥാന സർക്കാർ നൽകുന്ന സംഭരണ വില ഇപ്പോൾതന്നെ ക്വിന്റലിന് 1900 രൂപയാണ്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) താങ്ങുവില നല്കി നെല്ല് സംഭരിച്ചയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാരിൽ നിന്നും 188.51 കോടി രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly